**പതിമൂന്നാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2657** **19.03.2015** ലെ മറുപടിക്ക്

**സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പ്രദീപ് കുമാർ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയ കോഴിക്കോട് കാട്ടുവയൽ കോളനിയിൽ എം.എൽ.എ നിർദ്ദേശിച്ച പദ്ധതികൾ നടപ്പിലാക്കുന്നത് ജില്ലാ ആഫീസർ മാരുടേയും ഏജൻസി പ്രതിനിധി കളുടേയും 24.07.2013- ലെ യോഗത്തിൽ ഉപേക്ഷിക്കാൻ തീരുമാനിക്കുന്നതിന് മുമ്പ് എം.എൽ.എ യെ അറിയിച്ചിരുന്നോയെന്നും കൂടിയാലോ ചനകൾ നടത്താതിരുന്നത് എന്തു കൊണ്ടാണെന്നും വിശദമാക്കുമോ; | (എ) (ബി) (സി) | കാട്ടുവയൽ കോളനി റോഡ് നിരപ്പിൽ നിന്നും വളരെ താഴ്ന്ന് സ്ഥിതി ചെയ്യുന്നത് കാരണം ഡ്രയിനേജിൽ നിന്നുള്ള മലിനജലം പ്രദേശത്തെ വീടുകളിലേക്ക് കയറുകയും കോളനികളിലെ വീടുകൾ മലിനമാകുകയും ചെയ്യുന്നു. അതിനു പരിഹാരമായി പ്രസ്തുത പ്രദേശം മണ്ണിട്ട് ഉയർത്തേണ്ടതും ഡ്രൈനേജ് പുതുക്കി പണിയേണ്ടതുമാണ്. വീടുകളുടെ പുനരുദ്ധാരണം ഉൾപ്പടെ പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിനായി 4,92,88,747/- എസ്റ്റി മേറ്റാണ് നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നൽകിയിരുന്നത്. സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾക്ക് ഒരു കോളനിയിൽ പരമാവധി ഒരു കോടി രൂപ മാത്രമേ ചെലവഴിക്കാൻ കഴിയു. ഈ സാഹചര്യത്തിലാണ് 24.07.2013 ന് ചേർന്ന യോഗത്തിൽ പദ്ധതി ഉപേക്ഷിക്കാൻ നിർദ്ദേശമുയർന്നതെങ്കിലും ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല എന്നു മാത്രമല്ല ടി പദ്ധതി ഉപേക്ഷിച്ചിട്ടുമില്ല. ടി കോളനിയിൽ ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തി പ്രവൃത്തികൾ ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ച് വരികയാണ്. |
| (ബി) | എം.എൽ.എ നിർദ്ദേശിച്ച പദ്ധതി ഉദ്യോഗസ്ഥന്മാർ ഏകപക്ഷീയമായി ഉപേക്ഷിച്ചത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | | |
| (സി) | ഇല്ലെങ്കിൽ അന്വേഷണം നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | | |
| (ഡി) | ഏതെല്ലാം നിയോജകമണ്ഡലങ്ങളിലെ പ്രവൃത്തികളാണ് ഇങ്ങിനെ ഉപേക്ഷിച്ചതെന്ന് വിശദമാക്കുമോ? | (ഡി) | ഒരു നിയോജക മണ്ഡലത്തിലും പദ്ധതി ഉപേക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ